No. 1 Christian Fortnightly in Malayalam

# ഹാല്ലേലൂയ്യാ

389

Pages 12

1-15 JANUARY, 2013 • ക്രൈസ്തവ ദ്വൈവാരിക

Vol. - 18 Issue -389 Published From Kottayam Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96 Price Rs. 10/-

# കുമ്പനാട് കൺവൻഷൻ ജനുവരി 13ന് ആരംഭിക്കും



ഹെബ്രോൻപുരം: കേരളത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സംഗമമായ ഐ.പി.സിയുടെ ജനറൽ കൺവൻഷൻ ജനുവരി 13ന് കുമ്പനാട് ഹെബ്രോൻപുരത്ത് ആരംഭിക്കും. ഐ.പി.സി ജനറൽ പ്രസിഡന്റ് റവ.ഡോ.കെ.സി ജോൺ ഉദ്ഘാടനം ചെയ്യും. ലോകപ്രശസ്തരായ സുവിശേഷകർ ജനുവരി 20 വരെ നടക്കുന്ന കൺവൻഷന്റെ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. മിഷനറി സമ്മേളനം, വനിത-യുവജന സമ്മേളനം, സണ്ടേസ്കൂൾ വാർഷികം എന്നിവയും കണവൻഷനോടനുബന്ധിച്ച് നടക്കും. 20-ാം തീയതി സംയുക്ത സഭായോഗത്തോടെ കൺവൻഷന് സമാപനമാകും.


ഐ.പി.സി കൺവൻഷൻ എന്നതിനേക്കാളുപരി, കേരളത്തിലെ ആകമാന പെന്തെക്കോസ്തുകാരുടെയും കേരളത്തിനകത്തും പുറത്തുമുള്ള ഐ.പി.സിയുടെ മുഴുവൻ ശുശ്രൂഷകന്മാരുടേയും വിശ്വാസികളുടേയും സംഗമവേദിയായി കുമ്പനാട് കൺവൻഷൻ മാറിക്കഴിഞ്ഞു.

വിവിധ ഭാഷക്കാരും വേഷക്കാരും ആയ പതിനായിരങ്ങൾ ഒരാഴ്ചക്കാലം സമ്മേളിക്കുന്ന കുമ്പനാട് കൺവൻഷനെ വരവേൽക്കാൻ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു.

**കുമ്പനാട്ട് പ്രാർത്ഥന:** പത്തനംതിട്ട ജില്ലക്ക് ഉത്സവഛായ പകരുന്ന, പെന്തെക്കോസ്തു സമൂഹത്തിന്റെയും, രാജ്യത്തിന്റെയും ആത്മീയ ഉണർവ്വിന് ശക്തിപകരുന്ന ഈ കൺവൻഷന്റെ വിജയത്തിനായി ജനുവരി 7-12 വരെ പ്രാർത്ഥനാ ദിനങ്ങളായി വേർതിരിച്ചിരിക്കുകയാണ്.

ഐ.പി.സി ജനറൽ പ്രയർ കൺവീനർ പാസ്റ്റർ ജേക്കബ് ജോണിന്റെ നേതൃത്വത്തിലുള്ള പ്രയർ ബോർഡാണ് പ്രാർത്ഥനക്ക് നേതൃത്വം നൽകുന്നത്. പാസ്റ്റർമാരായ ആൻഡ്രൂസ് കെ. ജോർജ്ജ്, സി.വി.ജോൺ, അലക്സ് ജോൺ, വി.കെ. തോമസ് എന്നിവരാണ് പ്രെയർ ബോർഡ് അംഗങ്ങൾ.

# പാസ്റ്റർ ജോയി തോമസ് നിര്യാതനായി



തിരുവല്ല: ദി പെന്തെക്കോസ്തു മിഷൻ സീനിയർ പാസ്റ്റർമാരിൽ ഒരാളും പെന്തെക്കോസ്തു മാസികയുടെ എഡിറ്ററുമായിരുന്ന പാസ്റ്റർ ജോയി തോമസ് (76) ഡിസംബർ 11ന് നിര്യാതനായി. സംസ്കാരം 13ന് ഡപ്യൂട്ടി ചീഫ് പാസ്റ്റർ വെസ്ലി പീറ്ററുടെ നേതൃത്വത്തിൽ കുറ്റപ്പുഴയിലുള്ള സഭാ സെമിത്തേരിയിൽ നടത്തി. പാസ്റ്റർമാരായ എൻ.ലൂക്ക്, പ്രസാദ് റാവു, ജോയൽ ദാസ്, ഡേവിഡ് രാജ് തുടങ്ങിയവർ പ്രസംഗിച്ചു. പത്തൊൻപതാമത്തെ വയസിൽ സുവിശേഷവേലക്കിറങ്ങിയ പരേതൻ അൻപത്തേഴു വർഷമായി കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ, മഹാരാഷ്ട്ര, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിലായി പ്രവർത്തിച്ചു. സഭാനാവായ പെന്തെക്കോസ്തു മാസികയുടെ എഡിറ്ററായി ദീർഘകാലം പ്രവർത്തിച്ചു. കവുങ്ങുംപ്രയാർ മുണ്ടപ്ലാക്കൽ എം.സി തോമസ് - അന്നമ്മ ദമ്പതികളുടെ മകനായിരുന്നു പരേതൻ. സഹോദരങ്ങൾ: സാറാമ്മ (ചിക്കാഗോ), അന്നമ്മ (തിരുവനന്തപുരം), സാം (കാനഡ).

# ഐ.പി.സി.കോട്ടയം പ്ലാറ്റിനം ജൂബിലി കൺവൻഷൻ

കോട്ടയം: ഐ.പി.സി.കോട്ടയം ഡിസ്ട്രിക്ട് പ്ലാറ്റിനം ജൂബിലി കൺവൻഷൻ ജനുവരി 1-6 വരെ തിരുനക്കര മൈതാനത്ത് നടക്കും. റവ. ഡേവിഡ് ഡെമറിസ്, റവ.കെ.സി. ജോൺ, റവ.വത്സൻ ഏബ്രഹാം, പാസ്റ്റർ ഫിലിപ്പ് പി.തോമസ്, പാസ്റ്റർ വർഗീസ് ഏബ്രഹാം, പാസ്റ്റർ ബെൻസൺ മത്തായി എന്നിവർ ശുശ്രൂഷിക്കും. പാസ്റ്റർമാരായ ബാബു ചെറിയാൻ, ലാജി പോൾ, പി.യു പോൾസൺ, എബി പീറ്റർ, എസക്കിയേൽ ജോഷ്വാ, എന്നിവരും ശുശ്രൂഷിക്കും.

മ്യൂസിക് ഫിയസ്റ്റായിൽ പ്രശസ്ത ഗായകരായ ബ്ലസൻ മേമന, വിജയ് ബനഡിക്ട്, പ്രേംജി, ഇമ്മാനുവേൽ ഹെൻട്രി എന്നിവർ ഗാനങ്ങളാലപിക്കും. ഒന്നാം തീയതി കോട്ടയം പരേഡ് ഗ്രൗണ്ടിൽ നിന്ന് ആരംഭിക്കുന്ന റാലിയോടെയാണ് കൺവൻഷന്റെ തുടക്കം. കോട്ടയം ഡിസ്ട്രിക്ട് സപ്പോർട്ട് ചെയ്യുന്ന 160 നോർത്തിന്ത്യൻ മിഷണറിമാർ പങ്കെടുക്കുന്ന മിഷണറി മീറ്റിംഗും ഉണ്ടായിരിക്കും. 75 വർഷത്തെ ഐ.പി.സി.കോട്ടയം ഡിസ്ട്രിക്ടിന്റെ ചരിത്രവുമായി സുവനീർ പ്രകാശനം ചെയ്യും. ജൂബിലി സമ്മേളനത്തിൽ മുഖ്യമന്ത്രി പങ്കെടുക്കും.

ജനറൽ കൺവീനർ ജോയി താനവേലി, ജോ.കൺവീനേഴ്സ് പാസ്റ്റർ ഇ.എ.മോസസ്, പാസ്റ്റർ എ.റ്റി.ജോർജ്ജ്, കൂടാതെ ഇരുസെന്ററുകളുടെയും പ്രസിഡന്റുമാരായ പാസ്റ്റർ കെ.സി.ചെറിയാൻ, പാസ്റ്റർ കെ.ഇ.തോമസ് എന്നിവരും നേതൃത്വം നൽകുന്നു.

# ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രവർത്തന ഉദ്ഘാടനം

കുമ്പനാട്: ഐ.പി.സി കേരളാ സ്റ്റേറ്റിന്റെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ പ്രവർത്തന ഉദ്ഘാടനം ഡിസം 25ന് ഹെബ്രോൻ പാരിഷ് ഹാളിൽ നടന്നു. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സഭയുടെ സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ടി.എസ് ഏബ്രഹാം ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ കെ.സി ജോൺ, കെ.എം ജോസഫ്, ഫിലിപ് പി തോമസ്, ഷിബു നെടുവേലിൽ, ബേബി വർഗീസ്, ബെഞ്ചമിൻ വർഗീസ്, ബ്രദർ കുര്യൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നും ഒഴിഞ്ഞ പാസ്റ്റർ കെ.എം ജോസഫ് കുര്യൻ ജോസഫ്, പി.എം ഫിലിപ്പ് എന്നിവർക്ക് ഫലകം നൽകി ആദരിച്ചു

## കൺവൻഷനുകളിൽ ഹാലേലൂയ്യ സ്റ്റോളുകൾ

താഴെ പറയുന്ന കൺവൻഷൻ സ്ഥലങ്ങളിൽ ഹാലേലൂയ്യയുടെ സ്റ്റോളുകൾ പ്രവർത്തിക്കുന്നു.

1. കുമ്പനാട് കൺവൻഷൻ
2. പുനലൂർ എ.ജി.കൺവൻഷൻ
3. ചിങ്ങവനം ന്യൂ ഇന്ത്യാ കൺവൻഷൻ
4. കോട്ടയം ഐ.പി.സി. ജൂബിലി കൺവൻഷൻ
5. കൊട്ടാരക്കര ഐ.പി.സി. മേഖലാ കൺ വൻഷൻ
6. തിരുവല്ല ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ

**വരിസംഖ്യ അടയ്ക്കുന്നതിന് സ്റ്റോളുകൾ സന്ദർശിക്കുക.**

# ഇരട്ടി മധുരവുമായി പാസ്റ്ററുടെ മക്കൾ


വാരാണാസി: ദേശീയ ചെസ് ചാമ്പ്യൻഷിപ്പിൽ പെന്തെക്കോസ്ത് പാസ്റ്ററുടെ മക്കൾ വിജയം നേടി. ഏലിയോസ് മിനിസ്ട്രീസ് ഇന്ത്യയുടെ പ്രവർത്തകനായ പാസ്റ്റർ മാത്യു ജോണിന്റെ മക്കളായ എസ്ഥേർ സാറാ മാത്യുവും, അഭിഷേക് മാത്യുവും ഡിസംബർ 14-17 വരെ പാട്ന(ബിഹാർ)യിൽ നടന്ന ദേശീയ ചെസ് ചാമ്പ്യൻ ഷിപ്പിൽ രണ്ടും-മൂന്നും സ്ഥാനം കരസ്ഥമാക്കി. 14 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ വിഭാഗത്തിൽ എസ്ഥേർ സാറാ മാത്യു മൂന്നാം സ്ഥാനവും, പത്തിൽ താഴെ പ്രായമുള്ള ആൺകുട്ടികളുടെ വിഭാഗത്തിൽ അഭിഷേക് മാത്യു രണ്ടാം സ്ഥാനവും നേടി. എട്ടു വർഷമായി വാരാണസിയിൽ സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെട്ടു വരികയാണ് മാതാപിതാക്കൾ.



# എ. ജി. കൺവൻഷൻ ജനുവരി 15 മുതൽ

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ജനറൽ കൺവൻഷനും വാർഷിക കോൺഫ്രൻസും പുനലൂർ എ.ജി.ഗ്രൗണ്ടിൽ ജനുവരി 15-20 വരെ നടക്കും. സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ.സാമുവേൽ ഉദ്ഘാടനം ചെയ്യും. 15, 16 തീയതി രാവിലെ 9 മുതൽ വാർഷിക കോൺഫ്രൻസ് നടക്കും. അംഗീകൃത ശുശ്രൂഷകന്മാരും അംഗീകൃത സഭകളുടെ പ്രതിനിധികളുമായി രണ്ടായിരത്തോളം അംഗങ്ങൾ കോൺഫ്രൻസിൽ സംബന്ധിക്കും. സഭയുടെ വാർഷിക റിപ്പോർട്ട്, വരവ്-ചെലവ് കണക്ക് തുടങ്ങിയവ അവതരിപ്പിക്കും. ബുധനാഴ്ച മേഖലാ ഡയറക്ടർമാരുടെ തെരഞ്ഞെടുപ്പ് നടക്കും. വ്യാഴം രാവിലെ സഭയു-ടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന കടയ്ക്കൽ എ.ജി. പബ്ലിക് സ്കൂളിന്റെ കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം കടയ്ക്കലിൽ നടക്കും. ഞായർ രാവിലെ സ്നാനശുശ്രൂഷയും തുടർന്ന് സംയുക്ത സഭായോഗവും നടക്കും. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽനിന്നും പതിനായിരത്തിലധികം വിശ്വാസികൾ സംബന്ധിക്കും.

## പ്രത്യേകം ശ്രദ്ധയ്ക്ക്




# ഹാലേലൂയ്യാ ഇയർബുക്ക് പ്രസിദ്ധീകരണ തീയതി നീട്ടി

ഹാലേലൂയ്യാ തയ്യാറാക്കുന്ന ഇയർബുക്കിന്റെ പ്രസിദ്ധീകരണ തീയതി മാർച്ച് 15 ലേക്ക് മാറ്റി. കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളിലെ പെന്തെക്കോസ്തു സഭകളെകുറിച്ചുള്ള വിവരണം, 2012 ൽ പെന്തക്കോസ്ത് ലോകത്ത് ഉണ്ടായ സംഭവങ്ങൾ, വിശേഷങ്ങൾ, വിവാദങ്ങൾ, മലയാളി പെന്തെക്കോസ്തു സമൂഹത്തിന്റെ ഒരു നൂറ്റാണ്ടിന്റെ ചരിത്രം, നൂറുകണക്കിന് ചരിത്രപുരുഷന്മാരുടെ ജീവചരിത്രക്കുറിപ്പുകൾ തുടങ്ങി പെന്തെക്കോസ്തു സമൂഹവുമായി ബന്ധപ്പെട്ട ആയിരക്കണക്കിന് വിവരങ്ങളാണ് ഈ ഇയർബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ജനുവരി 15ന് പ്രസിദ്ധീകരിക്കുമെന്ന് നേരത്തെ പരസ്യപ്പെടുത്തിയിരുന്നു. നിർബന്ധിത സാഹചര്യത്തിൽ രണ്ടുമാസത്തെ താമസമാണ് ഉണ്ടാകുന്നത്. ഇതിനകം വിവരങ്ങൾ നൽകിയിട്ടില്ലാത്ത സഭകൾക്കും സ്ഥാപനങ്ങൾക്കും ഒരുവസരംകൂടെ ലഭ്യമാകുന്നു. കൺവൻഷൻ സ്ഥലത്തെ സ്റ്റാളുകളിൽ ഈ വിവരങ്ങൾ നൽകുന്നതിന് അവസരമുണ്ടായിരിക്കും.

പരസ്യങ്ങൾ നൽകിയവരും, ഹു ഈസ് ഹു നൽകിയവരും ഹാലേലൂയ്യാ പ്രതിനിധികളും ഇതൊരു അറിയിപ്പായി സ്വീകരിക്കുക.

*പത്രാധിപർ*

# ഗ്രെയ്സ് ക്രിസ്ത്യൻ ചർച്ച് 12-ാമത് ജനറൽ കൺവൻഷൻ

പത്തനാപുരം: ഗ്രെയ്സ് ക്രിസ്ത്യൻ മിനിസ്ട്രീസിന്റെ കീഴിലുള്ള ഗ്രെയ്സ് ക്രിസ്ത്യൻ സഭകളുടെ 12-ാമത് ജനറൽ കൺവൻഷൻ ജനു 10 -13 വരെ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ ബാബു ശാമുവേൽ, പാസ്റ്റർ അജി തോമസ്, പാസ്റ്റർ അജി ആന്റണി എന്നിവർ മുഖ്യപ്രസംഗകരാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി അൻപതിലധികം ലോക്കൽ സഭകളാണ് ഗ്രെയ്സ് ക്രിസ്ത്യൻ ചർച്ചിന്റെ കീഴിൽ പ്രവർത്തിക്കുന്നത്.

കൺവൻഷനോടനുബന്ധിച്ച് ശനിയാഴ്ച ഗ്രെയ്സ് ക്രിസ്ത്യൻ കോളജിന്റെ ഗ്രാജുവേഷൻ സർവ്വീസും നടക്കും. ജറുസലേം വോയ്സ് ഏഴംകുളം ഗാനശുശ്രൂഷ നിർവ്വഹിക്കും.

പുനർവായന



ബാബു ജോൺ വേട്ടമല

# എതിർക്രിസ്തുവിന്റെ വഴി

എതിർക്രിസ്തുവുമായി ബന്ധപ്പെടുത്തിയുള്ള വേദപുസ്തക പ്രവചനങ്ങൾ വരും ദിവസങ്ങളിൽ ഈ ലോകത്തിൽ നിറവേറണ്ടവയാണ്. കഴിഞ്ഞ കാല ചരിത്രവും വർത്തമാനകാല സംഭവങ്ങളുമായി ഈ പ്രവചന നിവർത്തീകരണത്തെ തുലനം ചെയ്യേണ്ടതാണ്. ഇനി ലോകത്ത് നടക്കാനിരിക്കുന്ന ഏറ്റവും വലിയ സംഭവം എതിർക്രിസ്തുവിന്റെ രംഗപ്രവേശനവുമാണ്.

ക്രിസ്തുവിനോടും, ദൈവസഭയോടും ഈ ഭൂമിയിൽ ദൈവമക്കൾ എന്ന് അവകാശപ്പെടുന്ന യഹൂദാജാതിയോടും ഒരുപോലെ എതിർത്തു നിൽക്കുന്ന ശക്തിയാണ് എതിർക്രിസ്തു എന്ന കാര്യം നേരത്തെ പറഞ്ഞുവല്ലോ.

യിസ്രയേൽ ഭൂമിയിൽ ഉളവായതു മുതൽ യിസ്രയേലിനോടുള്ള എതിർപ്പും ഉളവായി. റിബേക്കയുടെ ഉദരത്തിൽ നിന്നു തന്നെ ഈ പോരാട്ടം ആരംഭിച്ചു. രണ്ടു വംശങ്ങൾ തമ്മിലുള്ള യുദ്ധമായിട്ടാണ് ദൈവം ഇതിനെപ്പറ്റി പറഞ്ഞത്. ചുവന്ന പായസം നൽകി ഇളയവൻ ജേഷ്ഠാവകാശം സ്വന്തമാക്കി. പിന്നീട് രുചികരമായ ഭക്ഷണം നൽകി പിതാവിന്റെ കയ്യിൽ നിന്നും സകല അനുഗ്രഹങ്ങളും വാങ്ങി. അനുജനെ സേവിക്കാൻ വിധിക്കപ്പെട്ട ഏശാവ് അടങ്ങാത്ത പകയുമായി സെയീർ പർവ്വതം കയറി. ഏദോം എന്ന ഏശാവിന്റെ വംശാവലിയായ ഏദോമ്യർ എന്ന ജാതി അവിടെ ഉടലെടുത്തു. യിസ്രയേൽ ഒരു ജാതിയായി രൂപപ്പെടുന്നതിന് മുൻപ് തന്നെ അവർക്കെതിരായി ഏദോം ശക്തി പ്രാപിച്ചു. നൂറ്റാണ്ടുകൾ ഏറെക്കഴിഞ്ഞ് യിസ്രയേൽ മക്കൾ മിസ്രേമിൽ നിന്ന് മോചനം പ്രാപിച്ച് കനാനിലേക്കുള്ള യാത്രയിൽ ഏദോം അവരെ തങ്ങളുടെ അതിർവഴി യാത്ര ചെയ്യുവാൻ അനുവദിച്ചില്ല. മാത്രമല്ല, തങ്ങളുടെ സഹോദരന്മാരായ യിസ്രയേലിന് നേരെ വാളുമായി ചെല്ലുകയും ചെയ്തു. നിന്റെ സഹോദരനെ നശിപ്പിക്കരുതെന്ന ദൈവകല്പനപ്രകാരം യിസ്രയേൽ അന്ന് ഏദോമിനോട് പൊരുതിയില്ല.

പിന്നീട് കനാൻ ദേശത്ത് യിസ്രയേൽ പാർക്കുന്ന കാലത്ത് എദോം എന്നും യിസ്രയേലിനോട് എതിർത്തു നിന്നു. ദാവീദിന്റെ കാലത്ത് യിസ്രയേൽ ഏദോമിനെ കഠിനമായി തോല്പിച്ചു. ദാവീദ് അവരുടെ മേൽ ജയം കൊണ്ടാടി. ചരടുകൊണ്ട് അളന്ന് അവർക്ക് അവകാശം വീതിച്ചു കൊടുത്തു. യിസ്രയേലിന് കപ്പം കൊടുത്തുകൊണ്ട് ജീവിച്ചുകൊള്ളാമെന്നും, മേലാൽ യുദ്ധത്തിന് വരികയില്ല എന്നും സമ്മതിപ്പിച്ചു. ഏദോമിൻമേൽ ഞാനെന്റെ ചെരിപ്പെറിയും എന്ന് താൻ പറയുന്നത് നാം സങ്കീർത്തനത്തിൽ വായിക്കുന്നുണ്ട്. പക്ഷേ യഹോശാഫാത്തിന്റെ കാലമായപ്പോഴേക്കും ഏദോം ഉടമ്പടി ലംഘിച്ചു. അവർ യിസ്രയേലിനെതിരായി സൈനീക കൂട്ടുകെട്ടുകൾ ആരംഭിച്ചു. ദൈവത്തോടു കരഞ്ഞ യഹോശാഫാത്തിന് ദൈവം ഏദോമ്യ സഖ്യത്തിന്റെ മേൽ ജയം നൽകിയെങ്കിലും യെഹോരാമിന്റെ (848-841 BC) കാലത്ത് ഏദോമ്യരും ഫെലിസ്ത്യദേശവും അറേബ്യരും ഒരുമിച്ച് യഹൂദയെ ആക്രമിച്ചു. ഏദോമിന്റെ സഹായത്തോടെ സഹോദരന്മാരായ യിസ്രയേൽ മക്കൾക്കു നേരിട്ട വലിയ നഷ്ടത്തെപ്പറ്റി രണ്ട് രാജാ 8:20-22, 2ദിന 21: 8-10 എന്നീ ഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഈ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ദൈവം ഇടപെട്ടു സംസാരിച്ച വേദഭാഗമാണ് പഴയനിയമത്തിലെ ചെറിയ പുസ്തകമായ ഒബെദ്യാവിന്റെ പ്രവചനം. ഏദോം താളടിയാകുമെന്നും നശിച്ചുപോകുമെന്നും ഈ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. ഏദോമിന്റെ വംശാവലിയിൽ നിന്നും ഉടലെടുത്ത രാജ്യങ്ങൾ ഒന്നിച്ച് എതിർക്രിസ്തുവിനെ ലോകത്ത് കൊണ്ടുവരുമെന്ന വേദപുസ്തക പ്രവചനങ്ങളും അതിൽ പങ്കുചേരുന്ന രാജ്യങ്ങളെപ്പറ്റി വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിനെക്കുറിച്ചും നേരത്തെ ഈ പംക്തിയിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് അക്കാര്യം ഇപ്പോൾ വീണ്ടും എടുത്തു പറയുന്നില്ല.

എന്നാൽ വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പത്തുകൊമ്പും ഏഴുതലയുമുള്ള മൃഗത്തെപ്പറ്റി ഏദോമുമായി ബന്ധപ്പെടുത്തി ചരിത്രത്തിൽ നിന്നും പഠിക്കേണ്ടതാണ്. ഈ മൃഗവും ഏദോമുമായുള്ള ബന്ധത്തെക്കുറിച്ച് പറയുന്നതിന് മുൻപ് പ്രസ്തുത പ്രവചനത്തിന്റെ നിവർത്തീകരണമായി ഏദോം എങ്ങനെ ഉയർന്നുവരുന്നുവെന്ന് കാണേണ്ടതാണ്.

1453 എ.ഡിയിൽ ഏദോമിന്റെ അനുയായികളായ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കുകയും അവിടെ ഒട്ടോമൻ ഇസ്ലാമിക സാമ്രാജ്യം സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് പാശ്ചാത്യ ലോകവുമായി നടന്ന നിരന്തര പോരാട്ടത്തിൽ യൂറോപ്പിന് കരിങ്കടലുമായുള്ള ബന്ധം നഷ്ടമായി. ഇന്ത്യയുമായുള്ള വ്യാപാരം തുടരുന്നതിന് പുതിയ കടൽ മാർഗ്ഗം കണ്ടെത്തിയ വെള്ളക്കാർക്ക് മുസ്ലീം കൊള്ളക്കാരിൽ നിന്നും കനത്ത പോരാട്ടം നേരിടേണ്ടി വന്നു. മദ്ധ്യ ധരണിക്കടലിൽ അമേരിക്കക്കു തന്നെ ഒട്ടനവധി കച്ചവടക്കപ്പലുകളും നാവികരും നഷ്ടമാകേണ്ടി വന്നു. 1784-ൽ ചേർന്ന അമേരിക്കയുടെ കോൺഡിനെന്റൽ കോൺഗ്രസ് ഇക്കാര്യത്തിന് പരിഹാരം കാണേണ്ടതിന് ജോൺ ആഡംസ്, തോമസ് ജോഫേഴ്സൺ, ബെഞ്ചമിൻ ഫ്രാങ്ക്ലിൻ എന്നിവരുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സമിതി രൂപീകരിച്ചു. ഒട്ടോമൻ കടൽക്കൊള്ളക്കാർ ആവശ്യപ്പെടുന്ന മോചനദ്രവ്യം നൽകി തങ്ങളുടെ കപ്പലുകളെയും നാവികരെയും മോചിപ്പിക്കയാണെന്നുള്ള ആഡംസിന്റെ അഭിപ്രായത്തോട് മറ്റു രണ്ടു പേർ യോജിക്കാഞ്ഞതുകൊണ്ട് പ്രശ്നപരിഹാരം നീണ്ടുപോയി.

1786-ൽ ജോഫേഴ്സൺ ഫ്രാൻസിലെ അമേരിക്കൻ അംബാസിഡറായും ആഡംസ് ബ്രിട്ടണിലെ അമേരിക്കൻ അംബാസിഡറായും നിയമിതരായപ്പോൾ അവർ ഇരുവരും പ്രസ്തുത പ്രശ്നം ചർച്ച ചെയ്യുന്നതിന് അന്ന് ബ്രിട്ടണിലെ ഒട്ടോമൻ അംബാസിഡറായിരുന്ന സിഡി ഹാജി അബ്ദുൾ റഹമാൻ അജ്ജായുമായി ലണ്ടനിൽ കൂടിക്കാഴ്ച നടത്തി. തുർക്കിയെ പ്രീതിപ്പെടുത്തുന്നതിനുള്ള അമേരിക്കൻ കോൺഗ്രസ്സിന്റെ തീരുമാനം അവർ സിഡി ഹാജിയെ ധരിപ്പിച്ചു. എന്തുകൊണ്ട് മുസ്ലീങ്ങൾ അമേരിക്കയോട് ശത്രുതാ മനോഭാവം കാണിക്കുന്നുവെന്നുള്ള അവരുടെ ചോദ്യത്തിന് ഹാജിയുടെ മറുപടി ഇതായിരുന്നു. ഇസ്ലാം തങ്ങളുടെ പ്രവാചകൻ പറഞ്ഞ നിയമങ്ങളിൽ അധിഷ്ഠിതമായ ഒന്നാണ്. ഈ ആധികാരികതയെ അംഗീകരിക്കാത്ത സകലരും പാപികളാണ്. അതുകൊണ്ട് അത്തരം പാപികളോട് പൊരുതുന്നതും അവരെ ബന്ധികളാക്കുന്നതും തങ്ങളുടെ ധർമ്മമാണ്. ഈ പോരാട്ടത്തിൽ കൊല്ലപ്പെടുന്ന സകല മുസൽമാനും പറുദീസയിൽ എത്താൻ യോഗ്യനാണ്.

അടുത്ത 15 വർഷങ്ങൾ അമേരിക്ക തുർക്കിക്ക് കപ്പം കൊടുത്തുകൊണ്ടിരുന്നു. 1800-ൽ അമേരിക്കയുടെ ആകെ വരുമാനത്തിന്റെ ഇരുപത് ശതമാനമാണ് ഇങ്ങനെ ചിലവായത്. 1801-ൽ ജോഫേഴ്സൺ പ്രസിഡന്റായപ്പോൾ ഈ അമേരിക്കൻ നയത്തിന് മാറ്റമുണ്ടായി. 1805-ൽ അമേരിക്ക മുസ്ലീം ബാർബരി സ്റ്റെയ്റ്റ്സുമായി ആരംഭിച്ച നിരന്തര പോരാട്ടം 1815 ആയപ്പോഴേക്കും അമേരിക്കയുടെ വിജയത്തിൽ പര്യവസാനിച്ചു.

ഒട്ടോമൻ സാമ്രാജ്യത്തിന്റെ പതനത്തിന് ശേഷം 1924-ൽ ക്രൈസ്തവ മേധാവിത്വം പുനസ്ഥാപിക്കപ്പെട്ടു. പത്തുകൊമ്പും ഏഴു തലയുമുള്ള മൃഗവും ഈ പറഞ്ഞ സംഭവവുമായുള്ള പ്രവചന ബന്ധം അടുത്ത ലക്കത്തിൽ പറയാം.

റിബേക്കയുടെ ഉദരത്തിൽ ഉരുവായി ഏദോമിൽ കൂടെ വളർന്ന്, ഇസ്ലാമിൽ കൂടി വ്യാപിച്ച് ഇന്ന് യിസ്രയേലിനെതിരായി ഉയർന്നു വന്നുകൊണ്ടിരിക്കുന്ന ഒരു ലോകമഹാശക്തിയുടെ ചരിത്രപരവും വേദപുസ്തകപരവുമായ അസ്ഥിത്വത്തെപ്പറ്റിയാണ് ഞാൻ ഇവിടെ ചുരുക്കമായി പുറഞ്ഞിരിക്കുന്നത്. ഇതാണ് എതിർക്രിസ്തുവിന്റെ വഴി. ഈ വഴിയിൽ ഉടനീളം മുഴങ്ങിക്കേൾക്കുന്ന ശബ്ദം "വരുവീൻ യിസ്രയേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം അവരെ മുടിച്ചു കളയുക"എന്നതാണ്. ഈ ശബ്ദം റോമിൽ നിന്നുള്ളതല്ല, റോമൻ കത്തോലിക്കാ സഭയുടേതുമല്ല. ഇത് തിരിച്ചറിയാൻ കഴിയാതെ റോമാ നഗരത്തേയും കത്തോലിക്കാ സഭയേയും "അന്തിക്രിസ്തുവിന്റെ" വക്താക്കളായി ചിത്രീകരിച്ച് പാസ്റ്റർ കെ.ഇ ഏബ്രഹാം എഴുതിയ ''മഹതിയാം ബാബിലോൺ'' നെഞ്ചിലേറ്റി നടക്കുന്ന മലയാളി പെന്തെക്കോസ്തുലോകം ആശയക്കുഴപ്പത്തിലാണ്.

## പുസ്തക പ്രകാശനം

ബാംഗ്ലൂർ: റവ.ജോൺ മാർക്ക് രചിച്ച ''സ്പ്രിംഗ് ഫീൽഡ് ഗ്ലോബൽ പ്രെയർ ലിങ്ക് പ്രെയർ ഗൈഡ്'' എന്ന പുസ്തകം കർണാടക എ.ജി സൂപ്രണ്ട് റവ.അബ്ദുൾ കരീമിന് നൽകി റവ.ഡോ.പി.എസ് രാജാമണി പ്രകാശനം ചെയ്തു.


ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



പാസ്റ്റർ റോയി പൂവക്കാല
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939


### ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു. എസ്. എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു. കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

### ഹാലേലൂയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 18,000/- |
| 1 Page | 15,000/- | 10,000/- |
| ½ Page | 8,000/- | 5,000/- |
| ¼ Page | 4,000/- | 2,500/- |
| 10cm x 3 column | 3,000/- | 1,800/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000


മിറക്കിൾ മദർ ഹോം

പെന്തെക്കോസ്ത് വിശ്വാസികളുടെ ഇടയിൽ നിരാംലബരും നിർധനരുമായ വാർദ്ധക്യത്തിലുള്ള അമ്മമാരെ ഗൃഹാതുരത്വവും ആത്മിയ അന്തരീക്ഷവും കൈവിടാതെ പൂർണ്ണ ഉത്തരവാദിത്തത്തോടെ ശുശ്രൂഷിക്കുന്നു.

മിറക്കിൾ മദർ ഹോം, വടക്കഞ്ചേരിയിൽ 2013 ജനുവരി 15ന് ഉദ്ഘാടനം ചെയ്യുന്നു. താല്പര്യമുള്ളവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

Pastor Roshan Thomas
Miracle Mother Home,
Vadakkencherry P.O., Palakkad-678 683.
Phone: +91-8547259375,
+91-9526164904, +91-9846636431



PRAYER CELL

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com



AMEN ONLINE THEOLOGICAL SEMINARY
ഇൻഡ്യയിലെ ആദ്യത്തെ ഓൺലൈൻ സെമിനാരി
C.Th, G.Th, B.Th, M.Div, M.Th എന്നീ കോഴ്സുകൾ ലഭ്യമാണ്
മലയാളത്തിലും ഇംഗ്ലീഷിലും പഠിക്കുവാൻ അവസരം
Accredited by: IACEA, USA & Faith Theological Seminary, Manakkala
Visit us: www.amenseminary.com
Phone: +914734-224616, Mob: 8086680468

AMEN NEWS
ഇംഗ്ലീഷിലും, മലയാളത്തിലും നിങ്ങളിൽ എത്തുന്ന ക്രൈസ്തവലോകത്തെ ഏക ഓൺലൈൻ പത്രം
Visit us: www.amennewsreport.com

യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# പി.ജി. വർഗീസ് ഇനിയും ഏറെനാൾ ജീവിച്ചിരിക്കട്ടെ



*സർഗസമിതി ബ്രദർ പി.ജി വർഗീസിന് പുരസ്കാരം നൽകി ആദരിച്ചു. അദ്ദേഹത്തെ സദസിന് പരിചയപ്പെടുത്തികൊണ്ട് ഞാൻ നടത്തിയ പ്രസംഗമാണ് ഈ ലക്കത്തിലെ യാത്രയ്ക്കിടയിൽ*

1942 ഏപ്രിൽ 13. മാവേലിക്കര കൊല്ലകടവ് ദേശത്ത് കൊച്ചുതുണ്ടിൽ കൊച്ചുപാപ്പി സാറാമ്മ ദമ്പതികളുടെ മകനായി വർഗീസ് ജനിച്ചു. ജനിച്ച് മൂന്നാം ആഴ്ചയിൽ ആ പിഞ്ചുകുഞ്ഞിന് വേണ്ടി പുരയിടത്തിന്റെ തെക്കേമൂലയിൽ ഒരു കുഴിയെടുത്തു. കുഴിവെട്ടുന്ന ശബ്ദം അന്തരീക്ഷത്തിൽ മുഴങ്ങുമ്പോൾ; അക്കാലത്ത് ചികിത്സയില്ലാത്ത രോഗം ബാധിച്ച് ചേതനയറ്റുപോയ കുഞ്ഞിന്റെ ജഡം കിടത്തിയിരിക്കുന്ന പാളക്കരുകിൽ ഉറക്കെ കരഞ്ഞുകൊണ്ട് സാറാമ്മ ഇരുന്നു. കണ്ണീരിന്റെ അണമുറിയാത്ത പ്രവാഹത്തിനിടയിലൂടെ ആ അമ്മയുടെ കണ്ണിൽ ആ കാഴ്ച പതിഞ്ഞു. തന്റെ പിഞ്ചോമനയുടെ പിഞ്ചുകൈ ഒന്നനങ്ങിയോ? കണ്ണീർ പുറംകൈകൊണ്ട് തുടച്ച് അവർ വീണ്ടും നോക്കി. ശരിയാണ് ആ പിഞ്ചുകൈ പതിയെ ചലിക്കുന്നു. ആ വിരലുകളുടെ ചലനം ഇന്ന് എഴുപത് വർഷങ്ങൾക്കിപ്പുറവും നിലയ്ക്കാതെ തുടരുന്നു. പതിനായിരങ്ങളിൽ നിത്യജീവന്റെ ചലനം സൃഷ്ടിച്ചുകൊണ്ട്.

ഡോ.പി.ജി വർഗീസിന്റെ ജീവിതകഥയുടെ മുക്കും മൂലയും വരെ ഇവിടെയിരിക്കുന്ന ഓരോരുത്തർക്കും പരിചിതമാണ്. എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും ആ കരചലനങ്ങൾ, ജീവിതാനുഭവങ്ങൾ നമ്മുടെ ഹൃദയത്തെ തൊട്ടവയാണ്. അതുകൊണ്ടുതന്നെ ആ ജീവിതനാൾവഴികളിൽ നിന്ന് ഞാനിവിടെ പറയുന്നതൊന്നും പുതുമയുള്ളതല്ല. കേവലമൊരു ഓർമ്മപ്പെടുത്തൽ മാത്രം.

ഭക്തരായ മാതാപിതാക്കളുടെ ശിക്ഷണത്തിൽ വളർന്നെങ്കിലും ബാല്യം നിഷേധിയുടേതായിരുന്നു. 19-ാം വയസിൽ വീടുവിട്ട് ബോംബയിലേക്ക് പലായനം. ഇന്ത്യൻ ആർമിയിൽ ക്ലർക്കായി ജോലി ലഭിച്ചത് 1961-ൽ. പത്തു വർഷത്തെ സൈനീക സേവനം. മദ്യപാനവും ദുശീലവും വർഗീസ് എന്ന പട്ടാളക്കാരന്റെ ജീവിതത്തെ നിരാശയുടെ പടുകുഴിയിലേക്ക് തള്ളിയിട്ടു.

ഇതിനിടെ 25-ാം വയസിൽ വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി ലില്ലിയെന്ന പെൺകുട്ടിയെ ജീവിതസഖിയാക്കി.

1969 ലെ ജന്മദിനം. വ്യർത്ഥമായ ജീവിതത്തോട് വെറുപ്പ് തോന്നി. കുറച്ച് ഉറക്ക ഗുളികകൾ കൊണ്ട് സകലവും അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. ആ രാത്രിയിൽ പപ്പയെ ഓർമ്മ വന്നു. സ്വർഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും പപ്പാ പറഞ്ഞു തന്ന കഥകൾ ഓർത്തു. ആ ഓർമ്മകൾ ജീവിതം ഒടുക്കുക എന്ന ചിന്തയിൽ നിന്ന് പിൻതിരിപ്പിച്ചു.

വായന എന്നും താല്പര്യമായിരുന്നു. ആയിടക്കാണ് രാഷ്ട്രപിതാവ് മഹാത്മാഗന്ധിയുടെ ആത്മകഥ വായിച്ചു തുടങ്ങിയത്. ഗാന്ധിയുടെ ജീവിതത്തെ സ്വാധീനിച്ചത് ബൈബിളിലെ യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണങ്ങളാണെന്ന് വായിച്ചപ്പോൾ വേദപുസ്തകം വായിക്കാൻ പ്രചോദനമായി.

1971 ഒക്ടോബർ 1. ഗർഭിണിയായ ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി ഒരു സുവിശേഷയോഗത്തിൽ പങ്കെടുത്തു. അവിടെനിന്ന് ഉദംപൂർ - ജമ്മു റോഡിലൂടെ ഒരു ട്രക്കിൽ മടങ്ങുമ്പോൾ; ഓടിക്കൊണ്ടിരുന്ന ആ പട്ടാള ട്രക്കിലിരുന്ന് രക്ഷകനെ കണ്ടുമുട്ടി.

1971 ലെ ക്രിസ്മസ് രാത്രി. കാഷ്മീർ മലകളിലെ ദൂരെയുള്ള കുടിലുകളിലെ അരണ്ട വെളിച്ചവും നോക്കി; ലില്ലിയോടൊപ്പം ഒരു മലഞ്ചരുവിൽ ഇരിക്കുമ്പോൾ ഒരു ചിന്ത. ആ വെളിച്ചം കാണുന്ന കുഞ്ഞ് കുടിലുകളിലെ ഗ്രാമവാസിയോട് യേശു ജനിച്ചെന്ന സദ്വാർത്ത ആരു പറയും? ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവിലേക്കാണ് ആ ചിന്ത വർഗീസിനേയും ലില്ലിയേയും കൊണ്ടെത്തിച്ചത്.

മൂന്നു വർഷംകൂടെ ജോലി ചെയ്താൽ ജീവിതകാലം മുഴുവൻ പെൻഷൻ കിട്ടുമെന്ന പ്രലോഭനത്തെ അതിജീവിച്ച് 1972 ഒക്ടോബറിൽ ജോലി രാജിവെച്ചു. അദ്ദേഹത്തിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ "ഇന്ത്യൻ പട്ടാളക്കാരൻ യേശുവിന്റെ പട്ടാളത്തിൽ ചേർന്നു".

പട്ടാളത്തിൽ നിന്ന് വിരമിച്ചപ്പോൾ കിട്ടിയ തുകയും കയ്യിലെ സകല സമ്പാദ്യങ്ങളും ഇന്ത്യയിലെ പല ക്രിസ്തീയ സംഘടനകൾക്കായി അയച്ചു കൊടുത്തു. ഒരു സമ്പൂർണ്ണ സുവിശേഷകനായി 1972 ഒക്ടോബർ 30ന് കുറെ ലഘുലേഖകളുമായി കട്ടർ എന്ന ഗ്രാമത്തിലെത്തി. വിശ്വാസ ജീവിതത്തിന്റെ നിരന്തര അത്ഭുതങ്ങളിലൂടെ കട്ടർ ഇവാഞ്ചലിക്കൽമിഷൻ വളർച്ച പ്രാപിച്ചു.

1975-ൽ മിഷനറിമാരെ പഞ്ചാബിലേക്കും മഹാരാഷ്ട്രയിലേക്കും അയച്ചുകൊണ്ട് ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീം എന്ന സ്വപ്നത്തിന്റെ വിത്തുപാകി. 1977-ൽ പത്താൻകോട്ട് ബൈബിൾ സ്കൂൾ സ്ഥാപിച്ചു. 1979-ൽ അടുത്ത പത്തുവർഷത്തിനകം 200 ലോക്കൽ സഭകൾ സ്ഥാപിക്കണമെന്ന തീരുമാനമെടുത്തു. അഞ്ചുവർഷം കൊണ്ട് ആ നേട്ടം കൈവരിച്ചതോടെ രണ്ടായിരമാണ്ടിലേക്ക് 2000 സഭകൾ എന്നതാക്കി ലക്ഷ്യം. പ്രതീക്ഷിച്ചതിന് ഒരു വർഷം മുമ്പേ അതും ലക്ഷ്യത്തിലെത്തി. 2008-ൽ ലക്ഷ്യം പുനർ നിർണയിച്ചു 2012-ൽ 7777 സഭകൾ. ലക്ഷ്യം പൂർത്തീകരിക്കപ്പെട്ടില്ലെങ്കിലും ആറായിരത്തിലധികം സഭകൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.



ഇതിനിടെ നിരവധി പ്രസിദ്ധീകരണങ്ങൾ, ധാരാളം പുസ്തകങ്ങൾ, സിനിമകൾ. ഏതെല്ലാം മാധ്യമങ്ങൾ സുവിശേഷീകരണത്തിന് ഉപയോഗിക്കാമോ അതെല്ലാം പി.ജി വർഗീസ് ഉപയോഗപ്പെടുത്തി. സുവിശേഷം അറിയിക്കുന്നതിന് വേണ്ടി ജീവിതത്തിന്റെ മറ്റെല്ലാ സുഖങ്ങളും വേണ്ടെന്നുവെച്ച് പി.ജി വർഗീസ് ഇന്നും ഓടിനടക്കുന്നു. ഈ എഴുപതാം വയസിലും ഓരേ ഒരു ലക്ഷ്യവും ആഗ്രഹവുമാണ് മുന്നിലുള്ളത്. ഏതു വിധേനയും ഭാരതത്തിന്റെ ഗ്രാമങ്ങളും പട്ടണങ്ങളും ക്രിസ്തുവിനെ അറിയണം.

ജരാനരകൾ ബാധിച്ച വൃദ്ധനായ യോശുവ തന്റെ ബലഹീനമായ കരങ്ങൾ കൊണ്ട് കനാൻ നാടിനെ വിഭാഗിക്കുന്ന ചരിത്രം ഞാൻ ഓർക്കുന്നു. അന്ന് കനാൻനാട് പൂർണമായി കീഴടക്കപ്പെട്ടിരുന്നില്ല. എന്നിട്ടും താൻ കീഴടക്കാത്ത ദേശങ്ങൾ പോലും വിശ്വാസത്താൽ യോശുവാ വിഭാഗിച്ചു. കൃത്യമായ ലക്ഷ്യങ്ങൾ സൃഷ്ടിച്ച് മനുഷ്യ ബുദ്ധിയിൽ അസാധ്യമെന്ന് തോന്നുന്ന ഉയരങ്ങൾ എത്തിപ്പിടിക്കുവാൻ ഡോ.പി.ജി വർഗീസിന് തുണയായത് യോശുവയിൽ വെളിപ്പെട്ട അതേ ദൈവവിശ്വാസമാണ്. തികഞ്ഞ ശുഭാപ്തി വിശ്വാസമാണ്.

യോശുവയോളം തന്നെ വൃദ്ധനായ സഹപ്രവർത്തകൻ കാലേബ് 85-ാം വയസിൽ ഹെബ്രോൻ മല അവകാശമായി ചോദിച്ചു വാങ്ങുകയും കുന്നും മലകളും കയറാൻ തനിക്കിപ്പോഴും കരുത്തുണ്ടെന്ന് പറയുകയും അനാക്യ മല്ലന്മാരെ താൻ കീഴടക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തതുപോലെ നമുക്ക് പ്രതീക്ഷിക്കാം. പി.ജി വർഗീസ് എന്ന ദൈവമനുഷ്യന് ഇനിയും ഏറെ കീഴടക്കുവാനുണ്ട്. ഇനിയുമേറെ യാത്ര ചെയ്യുവാനുണ്ട്.

എഴുപത് വയസ് ഒരു സാധാരണ ഇന്ത്യക്കാരന്റെ ജീവിതാവസാനത്തോടടുത്ത കാലമാണ്. പി.ജി വർഗീസ് 86 വയസുവരെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നു. വെറുതെ വിശ്രമിക്കാനല്ല. ഭാരത സുവിശേഷീകരണത്തിന് ഇനിയുമൊരു 15 വർഷത്തെ യാത്ര തുടരാനുണ്ടദ്ദേഹത്തിന്. 86 അല്ല......... അതിലുമേറെ........... കത്തിജ്വലിക്കുന്ന സൂര്യതേജസ്സോടെ ഭാരതത്തിലെ ജനകോടികൾക്ക് വഴികാട്ടിയാകുവാൻ ഈ ദൈവമനുഷ്യൻ നമുക്കിടയിൽ ദീർഘായുസ്സോടിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

ഗോത്ര പിതാവായ യാക്കോബിന്റെ കഥ നമുക്കറിയാം. 76 വയസ് പ്രായമുള്ളപ്പോഴാണ് അവൻ ആദ്യമായി വിവാഹിതനാകുന്നത്. 76-ാം വയസിന് ശേഷമാണ് യാക്കോബ് ജീവിച്ചു തുടങ്ങിയതെങ്കിൽ യാക്കോബിന്റെ ദൈവം വർഗീസിന്റേയും ദൈവമാകയാൽ നമുക്കും പ്രതീക്ഷിക്കാം ഇതുവരെ ചെയ്തിലധികം ഈ ആയുസിൽ കർത്താവിനായി പ്രവർത്തിക്കുവാൻ ഡോ.പി.ജി വർഗീസിനും അദ്ദേഹത്തിന്റെ കുടുംബത്തിനും സാധിക്കുമെന്ന്.

സർഗസമിതിയുടെ പുരസ്കാരം സ്വീകരിക്കുന്നതിനെക്കുറിച്ച് പി.ജി. വർഗീസ് എഴുതിയ

ശേഷം പേജ് 10

# കൺവൻഷനുകൾ

**തുമ്പമൺതാഴം:** തുമ്പമൺതാഴം ഐ.പി.സി.കർമ്മേൽ സഭയുടെ കൺവൻഷൻ ഡിസംബർ 27-29 വരെ നടന്നു. സെന്റർ കൺവീനർ പാസ്റ്റർ ജോൺ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ഡോ.ബി.വർഗീസ്, പാസ്റ്റർമാരായ കെ.കെ.ചെറിയാൻ, ബി. മോനച്ചൻ എന്നിവർ പ്രസംഗിച്ചു.

**മാവേലിക്കര:** ഐ.പി.സി.മാവേലിക്കര ഈസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ ജനുവരി 3-6 വരെ കൊച്ചാലുംമൂട് ഗിൽഗാൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ കൊല്ലകടവ് മിട്ടൂസ് ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർമാരായ ബേബി വർഗീസ്, തോമസ് ഫിലിപ്പ് വെണ്മണി, ബാബു ചെറിയാൻ, കെ.കെ.ചെറിയാൻ, എബി ഏബ്രഹാം, ഫാദർ ക്രിസ്റ്റിൻ കൊച്ചി എന്നിവർ പ്രസംഗിക്കും.

**കലയപുരം:** ഐ.പി.സി.കലയപുരം സെന്റർ കൺവൻഷൻ ജനുവരി 24-27 വരെ ഐ.പി.സിഹെബ്രോൻ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർമാരായ എബി ഏബ്രഹാം, ഡോ.ജോൺ കെ.മാത്യു, സണ്ണി കുര്യൻ, കെ.സി.തോമസ്, തോമസ് എം.കിടങ്ങാലിൽ, ബഞ്ചമിൻ വർഗീസ് എന്നിവർ പ്രസംഗിക്കും.

**പഴഞ്ഞി:** ഐ.പി.സി പൊന്നാനി ഏരിയ 5-ാമത് വാർഷിക കൺവൻഷൻ ഡിസംബർ 6-9 വരെ പഴഞ്ഞിയിൽ നടന്നു. പാസ്റ്റർ സണ്ണി പോളിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ സി.സി ബാബു ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ അനീഷ് കാവാലം, ഓബേദ് ജൂലിയസ്, ശാമുവേൽ കുഞ്ഞുമോൻ എന്നിവർ പ്രസംഗിച്ചു. ഹാർവെസ്റ്റ് സ്മരണിക സജി മത്തായി കാതേട്ട് പാസ്റ്റർ എം.ജി ഇമ്മാനുവേലിനു നൽകി പ്രകാശനം നടത്തി.

**വെള്ളൂർ:** ഐ.പി.സി പൂഴനാട് നിറാഴിക്കോണം ശാലേം സഭയിൽ ഡിസം 23ന് കൺവൻഷനും സംഗീതവിരുന്നും നടന്നു. പാസ്റ്റർ അജി ബ്ലസൻ പ്രസംഗിച്ചു. പാസ്റ്റർ എസ്.ഈ ജ്ഞാനദാസ് അധ്യക്ഷത വഹിച്ചു.

**ചാത്തന്നൂർ:** ഐ.പി.സി.ചാത്തന്നൂർ ഹെബ്രോൻ വർഷിപ്പ് സെന്ററിന്റെ 6-ാമത് കൺവൻഷൻ തട്ടാരുകോണം സഭാ ഹാളിൽ ഡിസംബർ 29,30 തീയതികളിൽ നടന്നു. പാസ്റ്റർ സി.വി.വർഗീസ്, ജോസഫ് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. സ്പിരിച്ചൽ ബീറ്റ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു.

**അങ്കമാലി:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സെക്ഷൻ കൺവൻഷൻ ഡിസം.27-30 വരെ നടന്നു. ഡോറ്റി.പി ഏബ്രഹാം, പാസ്റ്റർമാരായ പി.വി ജേക്കബ്, ബേബിക്കുട്ടി, മാത്യൂസ് എം കുര്യൻ, അജി തോമസ്, ഡോ.മോളി ഏബ്രഹാം തുടങ്ങിയവർ ശുശ്രൂഷിച്ചു. സെക്ഷൻ പാസ്റ്റർ അനിൽ കെ കോശി നേതൃത്വം നൽകി.

**കോന്നി:** ഐ.പി.സി കോന്നി സെന്റർ കൺവൻഷൻ ജനുവരി 23 -27 വരെ ജി.എസ് ഗാർഡനിൽ നടക്കും. പാസ്റ്റർ ടി.പി ഡാനിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ബി.വർഗീസ്, പി.സി ചെറിയാൻ, സണ്ണി കുര്യൻ, തോമസ് ഫിലിപ്പ്, കെ.എം ജോൺ, ഏബ്രഹാം ഈശോ, സിസ്റ്റർ ശ്രീലേഖ എന്നിവർ പ്രസംഗിക്കും.

**പാമ്പാടി:** ഐ.പി.സി ബേർശേബാ വർഷിപ്പ് സെന്ററിന്റെ 8-ാമത് കാഞ്ഞിരക്കാട് കൺവൻഷൻ കുളത്താംമാക്കൽ ബേബിച്ചന്റെ പുരയിടത്ത് ജനുവരി 24-27 വരെ നടക്കും. പാസ്റ്റർമാരായ കെ.ജോയി, ഷാജി മർക്കോസ്, എബി പീറ്റർ, വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിക്കും.

**കുണ്ടറ:** ഐ.പി.സി കുണ്ടറ സെന്ററിന്റെ 12-ാമത് കൺവൻഷൻ ഡിസം 27-30 വരെ നടന്നു. പാസ്റ്റർ വി.വൈ തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ജോൺ കെ മാത്യു, റ്റി.ഡി ബാബു, രാജു മേത്ര, മുട്ടം ഗീവർഗീസ് എന്നിവർ പ്രസംഗിച്ചു.


## സൗദി അറേബ്യയിലേക്ക് ആവശ്യമുണ്ട്

**കമ്പനി ഹെൽപ്പേഴ്സിനെ ആവശ്യമുണ്ട്. പ്രായം 21-30**

കാറ്റഗറി 1. ബി.എം.ഒ(Basic Machine Operator). 2. ക്ലീനിംഗ് ലേബേഴ്സ്.
3. അസിസ്റ്റന്റ് സെയിൽസ് മാൻ

1. **ബി.എം.ഒ:** യോഗ്യത- S.S.L.C Pass. ഇംഗ്ലീഷ് സാമാന്യം സംസാരിക്കാൻ അറിയണം. ശമ്പളം: 1000SR (Rs.15000) + 200SR ആഹാരത്തിന് (Rs.3000) + താമസം + 8 Hrs Duty + 4 Hrs Over Time + Weekly Off + Yearly Ticket with Leave Salary + Medical + കമ്പനിയുടെ എല്ലാ ആനുകൂല്യങ്ങളും
2. **ക്ലീനിംഗ് ലേബേഴ്സ്:** യോഗ്യത: S.S.L.C Pass Or Fail.ശമ്പളം: 800 SR (Rs.12000) + 200 SR ആഹാരത്തിന് (Rs.1000) + As Same Conditions
3. **അസിസ്റ്റന്റ് സെയിൽസ് മാൻ:** യോഗ്യത- S.S.L.C Pass. ഇംഗ്ലീഷ് സാമാന്യം സംസാരിക്കാൻ അറിയണം. Indian Light Vehicles License Must. Age: 24-35. Salary: 800 SR (Rs.12000) + 400 SR ആഹാരത്തിന് (Rs.6000) + As Same Conditions

**OLIVE TOURS & TRAVELS**
Chitchat Arcade, Ramanchira, Tiruvalla-1
email: olivetvla@gmail.com Phone: 9446513785, 9605082929

"മുമ്പേ നിങ്ങൾ ഇരുളായിരുന്നു, ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു" - Eph. 5:8

DARKNESS TO THE LIGHT

അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്ക്

MEZUZAH MINISTRIES / MEZUZAH CHOIR - BANGALORE

MEZUZAH INTERNATIONAL MINISTRIES

NEW YEAR BREAKTHROUGH

MANU MENON-BANGALORE ministering

2013 January 11, 12, 13

മനു മേനോൻ-ബാംഗ്ലൂർ ശുശ്രൂഷിക്കുന്നു

VENUE-GIRINAGAR COMMUNITY HALL,KADAVANTHRA, KOCHI

സ്ഥലം: ഗിരിനഗർ കമ്മ്യൂണിറ്റി ഹാൾ, കടവന്ത്ര, കൊച്ചി

വെള്ളി - 5.30pm to 8.30pm

ശനി - 10am to 1pm & 5.30pm to 8.30pm (power conference)

ഞായർ - 5.30pm to 8.30pm

Call: 95390 75557
78293 73724



രോഗികൾക്ക് സൗഖ്യവും, പ്രശ്നബാധിതർക്ക് വിടുതലും,
തകർന്നവർക്ക് സ്വാതന്ത്ര്യവും കൊടുക്കുന്ന യേശുവിന്റെ വചന ശുശ്രൂഷ

Seeking Youth Pastor

Kerala Christian Assembly, Toronto

KCA Toronto is seeking a suitable candidate for a Youth Pastor who will be responsible for the development and oversight of all KCA youth ministries involving youth from age 13 and up with the goal to disciple them in spiritual growth; to train them in serving Christ with their life and to guide them to become devoted followers of Jesus Christ. KCA is one of the largest Malayalee Pentecostal Churches in North America and God has blessed the church with many young people, the need is for a Youth Pastor whose background is Malayalee and who has a North American upbringing. The preferable candidate will possess the following qualifications.

- Born again, baptized, & filled with Holy Spirit believer who has a personal and growing relationship with the Lord, and has a healthy married life.
- Possesses a minimum of a bachelor's degree in Christian Theology (masters preferred), experience in youth ministry, and a personal spiritual life congruent with biblical mandates for leaders (1 Timothy 3:1-7).
- Gifted and is called to ministry, loves young people, and has a passion for evangelism and outreach, both personally and at the ministry level.
- An engaging teacher, with a strong Biblical and theological background, who is in agreement with Pentecostal faith.
- A self-motivated leader, capable of casting and imparting vision for ministry, possessing relational skills with youth and parents.
- Under the age of 45 to relate more closely to the youth.

Interested candidates please contact:
secretary@keralachristianassembly.com
or
Secretary, Kerala Christian Assembly
121 Norfinch Dr. Toronto, ON M3N 1W8, CANADA



ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിൽ അരനൂറ്റാണ്ടിലേറെ കർതൃശുശ്രൂഷ ചെയ്ത, ഐ.പി.സി.പ്രസ്ഥാനത്തിന് ശക്തമായ നേതൃത്വം നൽകിയ, സുവിശേഷീകരണത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച പാസ്റ്റർ കെ.എം.ജോസഫിന്റെ ശിക്ഷണത്തിൽ ദൈവവചനം അഭ്യസിക്കുവാൻ ഒരു അവസരം

AGAPE BIBLE INSTITUTE

Perumbavoor. Phone: 0484-2522391,
Mob:9349160655, 9447666096

ദൈവവചനം പഠിക്കുവാൻ ആഗ്രഹിക്കുന്ന
സഹോദരന്മാർക്ക് പ്രവേശനം നൽകുന്നു


| കോഴ്സുകൾ | | |
|---|---|---|
| C.Th | ഒരു വർഷം | മലയാളം |
| D.Th | രണ്ടു വർഷം | മലയാളം |
| G.Th | മൂന്നു വർഷം | മലയാളം |

അപേക്ഷിക്കേണ്ട വിലാസം:

Registrar
Agape Bible Institute
West Vengola P.O.
Perumbavoor-683 556
Ernakulam Dt., Kerala.

Principal
Pr.K.M.Joseph
PB No.28, Perumbavoor P.O.,
Ernakulam, Kerala-683 542

- 1981 മുതൽ സുവിശേഷകന്മാരെ പരിശീലിപ്പിക്കുന്ന സ്ഥാപനം
- ഐ.പി.സി.ജനറൽ കൗൺസിൽ അംഗീകാരം
- പ്രാർത്ഥന, വിശ്വാസം, ദർശനം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള പഠനം
- പഠനത്തോടൊപ്പം പ്രായോഗിക പരിശീലനം
- ശാന്തവും മനോഹരവുമായ ക്യാമ്പസ്




ഫെബ്രുവരി മുതൽ ക്ലാസുകൾ ആരംഭിക്കുന്നു.

# ഗുഡ്ന്യൂസ് കൺവൻഷനും സെമിനാരി ബിരുദദാനവും

കീഴില്ലം: പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഗുഡ്ന്യൂസ് കൺവൻഷൻ ജനുവരി 21-23 വരെ കീഴില്ലം ഗുഡ്ന്യൂസ് ഗ്രൗണ്ടിൽ നടക്കും. പാസ്റ്റേഴ്സ് സാമുവേൽ എഡിസൺ, വൈ. ജോർജ്ജുകുട്ടി, ജോൺലി ജോൺസൺ, ആന്റണി പി.സി, ജോൺ വർഗീസ്, എം.ജെ.സാംകുട്ടി, എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു.

21-ന് പ്രൊഫസർ എസ്.പി.ചാക്കോയുടെ അദ്ധ്യക്ഷതയിൽ പാസ്റ്റർ കെ.സി.മാത്യൂസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കോശി വൈദ്യൻ, ബാബു ചെറിയാൻ, കെ.സി.മാത്യൂസ്, എസ്.പി.ചാക്കോ, ഡോ.സി.വി.വർഗീസ് തുടങ്ങിയവർ പ്രസംഗിക്കും.25-ന് ബിരുദദാന ശുശ്രൂഷ നടക്കും. ഡോ.സി.വി.വർഗീസ് അദ്ധ്യക്ഷത വഹിക്കും.

## വാളകം കൺവൻഷൻ

പട്ടിമറ്റം: ഐ.പി.സി.വാളകം സെന്ററിന്റെ 84-ാമത് കൺവൻഷൻ വാളകം സെന്റർ ഐ.പി.സി.ഹെബ്രോൻ ഗ്രൗണ്ടിൽ ജനുവരി 1-7 വരെ നടക്കും. പാസ്റ്റർ സണ്ണി കുര്യൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ തോമസ് ഫിലിപ്പ്, ബി.മോനച്ചൻ, കെ.സി.ജോൺ, കെ.എം. ജോസഫ്, കെ.എം.ജോൺ, ജേക്കബ് ജോൺ എന്നിവർ പ്രസംഗിക്കും. 5-ന് സഹോദരീസമാജത്തിന്റെ വാർഷികവും, സൺഡേസ്കൂൾ-യുവജനസംഘടന വാർഷികവും നടക്കും. സംയുക്ത ആരാധനയോടെ കൺവൻഷൻ സമാപിക്കും. പബ്ലിസിറ്റി കൺവീനറായി തമ്പി മുടവന്തിയിൽ പ്രവർത്തിക്കുന്നു.

## സംയുക്ത കൺവൻഷൻ

കല്ലിമേൽ: സംയുക്ത സുവിശേഷ കൺവൻഷൻ ജനുവരി 7-10 വരെ കൊല്ലകടവ് പാലത്തിന് സമീപം നടക്കും. റവ.റജി കെ.തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, ദാനിയേൽ കൊന്നനില്ക്കുന്നതിൽ, ജയിംസ് എം.പോൾ, പി. കെ.ബിനോയ് എന്നിവർ പ്രസംഗിക്കും. ഡാനിയേൽ ചാക്കോ കൺവീനറായി പ്രവർത്തിക്കുന്നു. ഗീഹോൻ ഗോസ്പൽ മ്യൂസിക് സംഗീതശുശ്രൂഷ നിർവ്വഹിക്കും.

## ക്രിസ്തുസഭാ കൺവൻഷൻ

തൃശൂർ: ക്രിസ്തുസഭാ കൺവൻഷൻ ജനുവരി 17-20 വരെ ലാലൂർ രഹബോത്ത് ഹാൾ ഗ്രൗണ്ടിൽ നടക്കും. സുവിശേഷകരായ ജോൺ കുര്യൻ, ഷാലു ടി.നൈനാൻ എന്നിവർ പ്രസംഗിക്കും. സി.ജെ.വർഗീസ്, കെ.ആർ.ജോസ്, ടി.ഡി.സാമുവേൽ, ടി.എഫ്.ജെയിംസ് തുടങ്ങിയവർ നേതൃത്വം നൽകും.

## സുവിശേഷ യോഗം

താനെ: ഐ.പി.സി.നോർത്തേൺ റീജിയൻ വെസ്റ്റ് സോണിന്റെ നേതൃത്വത്തിൽ ഡിസംബർ 17,18 തീയതികളിൽ കഞ്ചൂർമാർഗ്ഗ് പരാഞ്ചവേ സബാ ഗൃഹത്തിൽ സുവിശേഷ യോഗങ്ങൾ നടന്നു. പാസ്റ്റർ ടി.ഡി.ബാബു പ്രസംഗിച്ചു. സെലസ്റ്റ്യൽ സിംഗേഴ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ സാമുവേൽ ഡാനിയേൽ, വർഗീസ് സ്കറിയാ തുടങ്ങിയവർ നേതൃത്വം നൽകി.

## സെന്റർ കൺവൻഷൻ

തൃശൂർ: ഐ.പി.സി.വെസ്റ്റ് സെന്റർ കൺവൻഷൻ ജനുവരി 9-13 വരെ നെല്ലിക്കുന്ന് ഐ.പി.സി.ഇമ്മാനുവേൽ ചർച്ച് ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ ജോസഫ് ജോർജ്ജ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ പി.സി.ചെറിയാൻ, കെ.ജെ.തോമസ്, വർഗീസ് ഏബ്രഹാം, കെ.എം.ജോസഫ്, ബേബി വർഗീസ്, ടി.ഡി.ബാബു എന്നിവർ പ്രസംഗിക്കും.

## പെന്തെക്കോസ്ത് ഐക്യവേദി സമ്മേളനം

തിരുവനന്തപുരം: പെന്തെക്കോസ്ത് ഐക്യവേദി അഖിലേന്ത്യ സമ്മേളനം ഡിസം.19ന് തിരുവനന്തപുരത്ത് നടന്നു. ബാങ്ക് എംപ്ലോയീസ് ഹാളിൽ നടന്ന സമ്മേളനത്തിൽ പ്രസിഡന്റ് പാസ്റ്റർ ആർ.നേശമണി അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർമാരായ കെ.സി ജോൺ, എം. പൗലോസ്, കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല, ആർ.സെൽവരാജ് എം.എൽ.എ, ജമീല പ്രകാശം എം.എൽ.എ എന്നിവർ പ്രസംഗിച്ചു.


# മിഷണറി കോൺഫ്രൻസ്-2013

**സ്ഥലം: ഗോസ്പൽ ഫോർ ഇന്ത്യാ ഓഡിറ്റോറിയം, വെള്ളൂർ, പാമ്പാടി, കോട്ടയം**

**തീയതി: 2013 ജനുവരി 23, 4PM മുതൽ 26, 2 PM വരെ**

**പരിശുദ്ധാത്മനിറവും ദൈവവചന പരിജ്ഞാനവും രോഗശാന്തി വരപ്രാപ്തരുമായ ലോകപ്രശസ്ത ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു.**

- പാസ്റ്റർമാർ, സുവിശേഷകർ, വേദവിദ്യാർത്ഥികൾ, സുവിശേഷ തല്പരരായ സഹോദരീസഹോദരന്മാർക്കും പങ്കെടുക്കാം (18 വയസ്സിന് മുകളിൽ പ്രായമുള്ള കേരളത്തിൽ നിന്നുള്ളവർക്ക് മാത്രം പ്രവേശനം)
- മുഴുവൻ സമയവും പങ്കെടുക്കുന്നവർക്ക് ഭക്ഷണം, താമസം, യാത്രക്കൂലി എന്നിവ നൽകുന്നതാണ്. (യാത്രാ ടിക്കറ്റ് ഹാജരാക്കണം)

**പ്രവേശനം ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് മാത്രം!**

**ഉടൻ ബന്ധപ്പെടുക. ഫോണിൽക്കൂടിയും രജിസ്റ്റർ ചെയ്യാവുന്നതാണ്.**

വഴി: കോട്ടയം-കുമളി റൂട്ടിൽ വെള്ളൂർ (7-ാം മൈൽ) സ്റ്റോപ്പിൽ ഇറങ്ങി കുന്നേൽപ്പീടിക റോഡിൽ യാത്ര ചെയ്താൽ റീച്ച് ഔട്ട് തിയോളജിക്കൽ സെമിനാരിയിൽ എത്താം.

**GOSPEL FOR INDIA**
**VELLOOR P.O., KOTTAYAM - 686 501**
**PH: 9447601371, 9995566759**

# ഐ. ഇ. എം. വാർഷിക കൺവൻഷനും സംഗീതമഹോത്സവവും, 2013 ജനുവരി 4, 5 തീയതികളിൽ

## ഐ. ഇ. എം. ഓഡിറ്റോറിയം, കല്ലുമല – മാവേലിക്കര

**2013 ജനുവരി 4, 5 (വെള്ളി, ശനി) എല്ലാ ദിവസവും വൈകിട്ട് 5 മുതൽ 8.30 വരെ**



ഡോ.ജി.വി. മത്തായി
(പ്രസിഡന്റ്, ഐ.ഇ.എം.)



റവ.റെജി.കെ.തോമസ്
(ഡയറക്ടർ, ഐ.ഇ.എം.)



ദയാൻ മത്തായി
(പ്രിൻസിപ്പാൾ)



വർഗ്ഗീസ് പി.ജോർജ്ജ്
(അഡ്മിനിസ്ട്രേറ്റർ)

**പ്രഭാഷകർ**
ഡോ. ജി.വി. മത്തായി
റവ. റെജി. കെ. തോമസ്
ബിജു ആലടി
ദയാൻ മത്തായി
വർഗ്ഗീസ് പി. ജോർജ്ജ്

2013 ജനുവരി 5-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ 1 മണി വരെ ഐ.ഇ.എം. ലീഡർഷിപ്പ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ 150 വ്യക്തികളുടേയും, ഐ.ഇ.എം. ബൈബിൾ കോളജിലെ 50 വിദ്യാർത്ഥികളുടേയും സംയുക്ത ഗ്രാജുവേഷൻ സർവ്വീസ് ഐ.ഇ.എം. ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. വർണ്ണശബളമായ ഈ ആത്മീയ സമ്മേളനത്തിലും ഏവർക്കും പങ്കെടുക്കാവുന്നതാണ്.

**ഏവർക്കും സ്വാഗതം. പ്രവേശനം സൗജന്യം**
റവ.റെജി.കെ.തോമസ് : 9 8 4 7 4 7 2 0 1 6


**ഗായകർ**



ബിനോയ് ചാക്കോ



കുട്ടിയച്ചൻ



മാത്യു ജോൺ

**അമേരിക്കൻ താൾ** **us corner**

# കമ്പ്യൂട്ടർ ചിപ്പുകളുടെ ലോകത്തുനിന്ന് ഒരു ശുശ്രൂഷകൻ



ചെറുതോ വലുതോ ഏത് കമ്പ്യൂട്ടറിന്റെയും അവിഭാജ്യ ഘടകമാണ് അതിൽ ഘടിപ്പിച്ചിരിക്കുന്ന ചിപ്പ്. ആ കമ്പ്യൂട്ടർ എങ്ങനെ പ്രവർത്തിക്കണമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നത് ആ ചിപ്പിന്റെ അടിസ്ഥാനത്തിലാണ്. ഓരോ ദൈവ പൈതലിലും പകരപ്പെട്ടിരിക്കുന്ന ദൈവകൃപയും ഇതുപോലെയാണ്. ദൈവകൃപയാണ് നമ്മൾ ഏതൊക്കെ നിലയിൽ പ്രവർത്തിക്കണമെന്ന് തീരുമാനിക്കുന്നത്.

ആ ദൈവകൃപയാണ് ഇലക്ട്രോണിക് ചിപ്പുകളുടെ നിർമ്മാണത്തിനിടയിൽ നിന്ന് പാസ്റ്റർ ജോൺ തോമസിനേയും പത്നി മേഴ്സിയേയും സഭാ ശുശ്രൂഷയെന്ന ദൈവിക പദ്ധതിയിലേക്ക് നയിച്ചത്.


ഹൂസ്റ്റണിലെ സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡ് സഭയുടെ സ്ഥാപകനും ശുശ്രൂഷകനുമാണ് പാസ്റ്റർ ജോൺ തോമസ്.

ചർച്ച് ഓഫ് ഗോഡിലെ കോട്ടയം സെന്റർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ എ.ടി.തോമസിന്റെയും അന്നമ്മയുടെയും അഞ്ചു മക്കളിൽ നാലാമത്തവനായാണ് ജോൺ തോമസിന്റെ ജനനം. ഫെയ്ത്ത് ഹോമിന്റെ ഞെരുക്കങ്ങൾക്കിടയിലും പഠനത്തിൽ മിടുക്കരായിരുന്നു പാസ്റ്റർ എ.ടി തോമസിന്റെ മക്കൾ. ജോൺ തോമസും ഒട്ടും മോശമായില്ല.

തിരുവല്ല മാർത്തോമാ കോളജിൽ നിന്ന് ബി.എസ്.സി. ഫസ്റ്റ് ക്ലാസോടും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് എം.എസ്സി റാങ്കോടെയും പാസായി. പഠനകാലത്ത് യുവജന സുവിശേഷ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ഐ.സി.പി.എഫ് പോലെയുള്ള വിദ്യാർത്ഥി പ്രസ്ഥാനം ഇല്ലാത്ത അക്കാലത്ത് തിരുവല്ല മാർത്തോമാ കോളജിൽ പെന്തെക്കോസ്ത് വിദ്യാർത്ഥികളുടെ പ്രാർത്ഥനാ ഗ്രൂപ്പ് ആരംഭിച്ചവരിലൊരാൾ ജോൺ തോമസാണ്. പിന്നീട് ഐ.സി.പി.എഫ് രൂപീകരിക്കപ്പെടുന്നതിന്റെ ഒരു ഘടകം ആ പ്രയർ ഗ്രൂപ്പാണ്.

MSc കഴിഞ്ഞ് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി കോളജ് അദ്ധ്യാപകനായി പോസ്റ്റിംഗും ലഭിച്ചു. പക്ഷേ ആ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് അമേരിക്കയിലേക്കുള്ള യാത്രയ്ക്കുള്ള കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടു. നേരത്തെ തന്നെ മൂത്ത സഹോദരൻ പാസ്റ്റർ ടി.തോമസ് ഡാളസിൽ എത്തിയിരുന്നു.

ഡാളസിൽ യൂണിവേഴ്സിറ്റി ഓഫ് ടെക്സസിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനിയറിങ്ങിൽ മാസ്റ്റേഴ്സ് ബിരുദം സമ്പാദിച്ചു. മൈക്രോ ഇലക്ട്രോണിക്സിൽ - പ്രധാനമായും കമ്പ്യൂട്ടർ ചിപ്പ് ഡിസൈനിംഗ് ആയിരുന്നു പഠിച്ചത്. പഠനാനന്തരം അതേ ഫീൽഡിൽ ജോലിയും ലഭിച്ചു.



*റവ. ജോൺ തോമസ്സും കുടുംബവും*

1990-ൽ ജോലി ലഭിച്ചതാണ് ഹൂസ്റ്റണിലേക്കെത്തുന്നത്. 1991-95 വർഷങ്ങളിൽ ഒരു സ്വതന്ത്ര സഭയുടെ പാസ്റ്ററായി ജോലിയോടൊപ്പം പ്രവർത്തിച്ചു. അതുവിട്ട ശേഷം ദൈവാത്മ പ്രേരണയാൽ ആരംഭിച്ചതാണ് സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡ്. അഞ്ച് വർഷം വാടക കെട്ടിടത്തിൽ ആരാധിച്ച ശേഷം 2001-ൽ സ്ഥലം വാങ്ങുകയും 2005-ൽ സ്വന്തമായി ഹോൾ പണിയുകയും ചെയ്തു. ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തിന്റെ സാമ്പത്തിക സഹായമോ മാസീവായ കളക്ഷനോ എടുക്കാതെയാണ് സഭാഹാൾ നിർമ്മാണം പൂർത്തീകരിച്ചത്. അപ്രതീക്ഷിത വഴികൾ ദൈവം തുറന്നാണ് ഈ സഭാഹാൾ നിർമ്മാണം പൂർത്തീകരിപ്പാൻ സാധിച്ചത്.

ജോൺ തോമസിന്റെ ഭാര്യ മേഴ്സി ഒന്നാം റാങ്കോടെ എഞ്ചിനിയറിംഗ് പാസായി. തുടർന്ന് കോയമ്പത്തൂരിൽ അദ്ധ്യാപികയായി ജോലി ചെയ്യവേയാണ് വിവാഹിതയായി അമേരിക്കയിലെത്തുന്നത്. ഇരുവരും ഒരേ കമ്പനിയിൽ ഒന്നിച്ച് ജോലി ചെയ്യുകയും ഒന്നിച്ച് കർത്തൃശുശ്രൂഷയിൽ പോരാടുകയും ചെയ്തു. നാലു മക്കളാണീ ദമ്പതികൾക്ക്. ഡെബോറ, ജോവാൻ, സാറാ, ഷാനൻ

കാൽ നൂറ്റാണ്ടിലധികമായി അമേരിക്കയിലാണെങ്കിലും കേരളത്തിലെ അനുദിന രാഷ്ട്രീയം വരെ ഇന്നും പാസ്റ്റർ ജോൺ തോമസിന് നന്നായറിയാം. ഹൃദയത്തിൽ മലയാളത്തിന്റെ മധുരം നഷ്ടമാക്കാത്ത ഈ ദൈവദാസൻ താൻ ജീവിതം കൊണ്ട് പഠിച്ച രണ്ടു കാര്യങ്ങൾ ഇങ്ങനെ ചുരുക്കുന്നു.

1. എഴുന്നൂറ് കോടി ജനമുള്ള ഈ ലോകത്ത് വളരെ കുറച്ച് പേർ മാത്രമേ എന്നെ അറിയുന്നവരായിട്ടുള്ളൂ. അതിൽ പത്ത് പേർ എന്നെ വെറുക്കുന്നവരായിരിക്കും. അവരെ ഓർത്ത് നിരാശപ്പെടരുത്. അമ്പത് പേർ എന്നെ സ്നേഹിക്കുന്നവർ ആയിരിക്കും അവരെ കണ്ട് അമിതാവേശവും പാടില്ല.

2. ലോകത്തിൽ ആരോടും പിണങ്ങരുത്. എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിക്കണം.

## മേലുകാവ് സെന്റർ കൺവൻഷൻ



*പാസ്റ്റർ വർഗീസ് മാത്യു ഉദ്ഘാടനം ചെയ്യുന്നു*

മേലുകാവ്: ഐ.പി.സി.മേലുകാവ് സെന്റർ കൺവൻഷൻ ഡിസംബർ 6-9 വരെ മൂലമറ്റത്ത് കമ്യൂണിറ്റി ഹാളിൽ നടന്നു. പാസ്റ്റർ വർഗീസ് മാത്യു ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർമാരായ കെ.സി.ജോൺ, ബി.മോനച്ചൻ, തോമസ് ഫിലിപ്പ്, കെ.ജി.മാത്യു, അലൻ വർഗീസ് എന്നിവർ പ്രസംഗിച്ചു.

## ചങ്ങനാശേരി യു.പി.എഫ് വാർഷികം

ചങ്ങനാശേരി: യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് 13 -ാമത് വാർഷികം ഡിസം.23ന് ഇടിഞ്ഞില്ലത്ത് നടന്നു. പാസ്റ്റർ സണ്ണി സഖറിയായുടെ അധ്യക്ഷതയിൽ പാസ്റ്റർ റ്റി.വി തങ്കച്ചൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ തോമസ് ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർമാരായ കെ.ജെ മാത്യു, ജോജി മുളമൂട്ടിൽ, കെ.എ സാമുവൽ, ഇ.പി ഡേവിഡ്, സാം ഫിലിപ്പ് എന്നിവർ ആശംസ അറിയിച്ചു. ബൈബിൾ ക്വിസ് വിജയികൾക്ക് സമ്മാനം നൽകി.

## വെളിപ്പാട് പുസ്തക പഠനവും ഉപവാസ പ്രാർത്ഥനയും



